LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങളുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു.*

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം**

133 (1959) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്യൂർ റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷൻ ഇതുവരെ എത്ര രൂപ ഭവന വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഹൗസിംഗ് സെക്യൂർ റെഗുലേറ്ററി അതോറിറ്റിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ പരിഹരിക്കാതെ അവശേഷിക്കുന്നത് എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19-7-2013-ന് സംസ്ഥാനത്ത് പൊതുമേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ല. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്യൂർ റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.